# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 886**

**30.01.2019-ൽ മറുപടിയ്ക്ക്.**

## അതിർത്തി കടന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധന

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ സംസ്ഥാന അതിർത്തികളിൽ ലാബ് സംവിധാനമുണ്ടോ; എങ്കിൽ എത്ര ലാബുകൾ പ്രസ്തുത ആവശ്യത്തിന് നിലവിലുണ്ട് എന്ന് അറിയിക്കാമോ; | (എ) | അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി പ്രദേശങ്ങളിൽ പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശാലയിൽ പാൽ പരിശോധനാ ചെക്ക് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) ഒരു ദിവസം എത്ര ലിറ്റർ പാൽ അതിർത്തി കടന്നെത്തുന്നുവെന്നും ഇതിൽ എത്ര ലിറ്റർ പാൽ ഗുണമേന്മ പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട് എന്നും വ്യക്തമാക്കാമോ? | (ബി) | പാലക്കാട് മീനാക്ഷിപുരം ചെക്ക് പോസ്റ്റ് മുഖേന പ്രതിദിനം 3.20 ലക്ഷം ലിറ്റർ പാലും കൊല്ലം ആര്യങ്കാവ് ചെക്ക് പോസ്റ്റ് വഴി 2.24 ലക്ഷം ലിറ്റർ പാലും ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നുണ്ട്. ടി ചെക്ക് പോസ്റ്റ് വഴി കൊണ്ടുവരുന്ന പാൽ പൂർണ്ണമായും ഗുണമേന്മ പരിശോധന നടത്തുന്നുണ്ട്. എന്നാൽ മറ്റ് അതിർത്തി പ്രദേശങ്ങൾ വഴി സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പാലിന്റെ അളവ് അറിയുന്നതിന് നിലവിൽ സംവിധാനമില്ല. |

**സെക്ഷൻ ഓഫീസർ**